"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടികൾക്ക് പരിശീലനം നൽകുന്നതിനായി കട്ടപ്പന നഗരസഭയുടെ കമ്പ്യൂട്ടർ പരിശീലന പദ്ധതിക്ക് അനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt) No.85/2022/LSGD    തീയതി,തിരുവനന്തപുരം, 12/01/2022

---

പരാമർശം:-

1. ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 26.10.2021-ലെ കത്ത് (SRG 652/21 , CC 449/21)
2. 18.12.2021-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.36

**ഉത്തരവ്**

കമ്പ്യൂട്ടർ പരിശീലന പരിപാടിയുടെ ഭാഗമായുള്ള കട്ടപ്പന നഗരസഭയുടെ വനിതകൾക്ക് തൊഴിലധിഷ്ഠിയ കമ്പ്യൂട്ടർ കോഴ്സ് (പ്രോജക്ട് നമ്പർ 10/22, അടങ്കൽ തുക -8,76,000/-, വികസനഫണ്ട് ജനറൽ) എന്ന പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതി അനുമതി നിരസിച്ചിരുന്നു. സബ്സിഡി മാർഗരേഖ പ്രകാരം കമ്പ്യൂട്ടർ പരിശീലന പരിപാടി ഏറ്റെടുക്കേണ്ടതില്ല എന്നതിനാൽ പദ്ധതി നടപ്പാക്കാൻ പ്രത്യേക അനുമതി നൽകുന്നത് സംബന്ധിച്ച് ഇടുക്കി ജില്ലാപ്ലാനിങ് ഓഫീസർ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിഗണിച്ചിരുന്നു.

2. പരിശീലനം നൽകുന്നത് സർക്കാർ ഏജൻസികളിലൂടെയായിരിക്കണമെന്ന വ്യവസ്ഥയിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടികൾക്കായി പരിശീലനം നൽകാൻ അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പരിശീലനം നൽകുന്നത് സർക്കാർ ഏജൻസികളിലൂടെയായിരിക്കണമെന്ന വ്യവസ്ഥയിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിപാടികൾക്ക് പരിശീലനം നൽകുന്നതിനായി കട്ടപ്പന നഗരസഭയുടെ കമ്പ്യൂട്ടർ പരിശീലന പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
John V Samuel I A S
Deputy Secretary

ചെയർപേഴ്സൺ / സെക്രട്ടറി, കട്ടപ്പന നഗരസഭ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (DA) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എയ്ക്ക്